2026
MAY
18
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ടീം വി.ഡി.എസ് റെഡി; ഇന്ന് സത്യപ്രതിജ്ഞ

**തിരുവനന്തപുരം:** വി. ഡി സതീശൻ മുഖ്യമന്ത്രിയായുള്ള 21 അംഗ യു.ഡി.എഫ് മന്ത്രി സഭ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. 44 വർഷത്തിന് ശേഷം ആദ്യമായിട്ടാണ് സമ്പൂർണ്ണ മന്ത്രിസഭ ഒരുമിച്ച് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നത്. ഇന്നലെ വൈകുന്നേരം അഞ്ചു മണിയോടെ നിയുക്ത മുഖ്യമന്ത്രി വി.ഡി സതീശൻ ലോക് ഭവനിലെത്തി മന്ത്രിമാരുടെ പട്ടിക ഗവർണർക്ക് കൈമാറി. രമേശ് ചെന്നിത്തല, പി. കെ കുഞ്ഞാലിക്കുട്ടി, സണ്ണി ജോസഫ്, കെ. മുരളീധരൻ, മോൻസ് ജോസഫ്, ഷിബു ബേബി ജോൺ, അനൂപ് ജേക്കബ്ബ്, സി.പി ജോൺ, എ. പി അനിൽകുമാർ, എൻ. ഷംസുദ്ദീൻ, പി. സി വിഷ്ണുനാഥ്, റോജി എം. ജോൺ, ബിന്ദു കൃഷ്ണ, എം. ലിജു, ടി. സിദ്ദീഖ്, കെ. എം ഷാജി, പി.കെ ബഷീർ, വി. ഇ അബ്ദുൾ ഗഫൂർ, കെ. എ തുളസി, ഒ. ജെ ജനീഷ് എന്നിവരാണ് മന്ത്രിസഭയിൽ ഇടം പിടിച്ചിരിക്കുന്നത്. തിരുവഞ്ചൂർ രാധാകൃഷ്ണനായിരിക്കും സ്പീക്കർ. ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാൻ വരും. 63 എംഎൽഎമാരുള്ള കോൺഗ്രസിന് 11 മന്ത്രിമാരാണുള്ളത്. 22 എം.എൽ.എമാരുള്ള മുസ്‌ലിം ലീഗിന് അഞ്ചു മന്ത്രിമാരും ഏഴ് എം.എൽ.എമാരുള്ള കേരള കോൺഗ്രസിനും മൂന്ന് എംഎൽഎമാരുള്ള ആർ.എസ്.പിക്കും ഒറ്റ എം.എൽ.എ മാത്രമുള്ള കേരള കോൺഗ്രസ് ജേക്കബ്ബ് ഗ്രൂപ്പിനും സിഎംപിക്കും ഒരോ മന്ത്രിയുമാണ് ഉണ്ടാകുക. കേരള കോൺഗ്രസിന് ചീഫ് വിപ്പ് സ്ഥാനവും ലഭിക്കും. അപു ജോൺ ജോസഫായിരിക്കും ചീഫ് വിപ്പ്.




മുസ്‌ലിം ലീഗിൽ ഇത്തവണ ടേം വ്യവസ്ഥയുണ്ടാകുമെന്ന് പാർട്ടി അധ്യക്ഷൻ സാദിഖ് അലി ശിഹാബ് തങ്ങൾ പറഞ്ഞു. രണ്ടര വർഷത്തിന് ശേഷം ലീഗിലെ ഒരു മന്ത്രി മാറി പകരം കോഴിക്കോട് ജില്ലയിൽ നിന്നുള്ള പാറക്കൽ അബ്ദുള്ള മന്ത്രിയാകുമെന്നും അദ്ദേഹം വ്യക്തമാക്കി. മുഖ്യമന്ത്രി അടക്കം 14 പേർ പുതുമുഖങ്ങളാണ്. രണ്ട് വനിതകളും മന്ത്രിസഭയിലുണ്ട്. ഇന്ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലാണ് വി.ഡി സതീശൻ മന്ത്രിസഭയുടെ സത്യപ്രതിജ്ഞ നടക്കുന്നത്. അരലക്ഷത്തോളം പേർക്കാണ് ഇവിടെ ഒരുക്കിയിരിക്കുന്ന പന്തലിലേക്ക് പ്രവേശനം അനുവദിച്ചിരിക്കുന്നത്. കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, മല്ലികാർജ്ജുന ഖാർഗെ, കർണ്ണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി. കെ ശിവകുമാർ, തെലുങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉൾപ്പെടെയുള്ള പ്രമുഖർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും.

# ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം: ജില്ലാ കളക്ടർ

**കൊച്ചി:** ജില്ലയിലെ വിവിധ ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ജില്ലാ കളക്ടർ ജി പ്രിയങ്ക. ജില്ലയിലെ വിവിധ ടൂറിസം പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് കളക്ടർ ഇക്കാര്യം വ്യക്തമാക്കിയത്. ആലുവ പാലസ് നവീകരണ പ്രവർത്തനങ്ങൾ ഓഗസ്റ്റ് 30-നകം പൂർത്തിയാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ സംരക്ഷണവും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ജോലികൾ വേഗത്തിൽ തീർപ്പാക്കാനും യോഗത്തിൽ തീരുമാനമായി. ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ പഴംചിറത്തോട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ വേഗം പൂർത്തീകരിക്കണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. ഇതിനുപുറമെ, ഫോർട്ട് കൊച്ചിയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി വേസ്റ്റ് കണ്ടെയ്നറുകൾ സ്ഥാപിക്കുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കാനും കൊച്ചി പോർട്ടിലെ ക്രൂയിസ് ടെർമിനൽ പ്രവർത്തനങ്ങൾ വിലയിരുത്താനും യോഗം തീരുമാനിച്ചു. സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം തടസ്സപ്പെട്ട പദ്ധതികളിലെ പ്രതിസന്ധികൾ പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകുമെന്ന് അറിയിച്ചു. കൂത്താട്ടുകുളം മഹാദേവ ക്ഷേത്രം, എറണാകുളം ഗസ്റ്റ് ഹൗസ് നവീകരണം, വൈപ്പിൻ ബീച്ച് കോറിഡോർ, സുഭാഷ് പാർക്ക് നവീകരണം തുടങ്ങിയ പദ്ധതികളും യോഗത്തിന്റെ പരിഗണനയിൽ വന്നു. ഫോർട്ട് കൊച്ചിക്കായുള്ള എമർജൻസി ആക്ഷൻ പ്ലാൻ, ആലുവ ഫൂട്ട് ബ്രിഡ്ജിലെ അലങ്കാര വിളക്കുകൾ സ്ഥാപിക്കൽ, പെയിന്റിംഗ് തുടങ്ങിയ ജോലികളും നിശ്ചിത സമയത്തിനകം പൂർത്തിയാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. വിനോദ സഞ്ചാര വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ജി ശ്രീകുമാർ,ബന്ധപ്പെട്ട ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

# വൈറ്റിലയിലെ ട്രാഫിക് കുരുക്ക്: ഒന്നര കോടിയുടെ പദ്ധതി ജൂലൈ 30നകം പൂർത്തിയാക്കാൻ നിർദേശം

**കൊച്ചി:** വൈറ്റില ജംഗ്ഷനിലെ കടുത്ത ഗതാഗതക്കുരുക്കിന് അടിയന്തര പരിഹാരം കാണുന്നതിനായി ഒന്നരക്കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനം. ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് റോഡ് സേഫ്റ്റി അതോറിറ്റി പി.ഡബ്ല്യു.ഡിക്ക് (എൻ.എച്ച് വിഭാഗം) അനുവദിച്ച തുക ഉപയോഗിച്ചുള്ള റോഡ് വികസന പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കാൻ നിർദ്ദേശം നൽകിയത്.




അനുവദിച്ച തുക ഉപയോഗിച്ചുള്ള റോഡ് വികസന പ്രവൃത്തികൾ അടുത്ത ആഴ്ച തന്നെ ആരംഭിക്കണം. നിലവിലെ തടസ്സങ്ങൾ നീക്കി പുതിയ റോഡ് ലൈൻ ചെയ്യുന്ന പദ്ധതി ജൂലൈ 30-നകം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ ജില്ലാ കളക്ടർ കർശന നിർദ്ദേശം നൽകി. ഒന്നര കോടി രൂപ ചെലവഴിച്ചുള്ള പദ്ധതിയിലൂടെ വൈറ്റിലയിലെ ട്രാഫിക് കുരുക്കിൽ 60 ശതമാനത്തോളം കുറവുണ്ടാക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തൽ. ഇതിന്റെ ഭാഗമായി സഹോദരൻ അയ്യപ്പൻ റോഡിൽ നിന്നുള്ള കട്ടിംഗുകൾ, വൈറ്റില ജംഗ്ഷനിലെ നാഷണൽ ഹൈവേ മേൽപ്പാലത്തിന്റെ തൂണുകളോട് ചേർന്നുള്ള കോൺക്രീറ്റുകൾ ഭാഗീകമായി ഒഴിവാക്കി സഹോദരൻ അയ്യപ്പൻ റോഡിൽ നിന്ന് വരുന്ന സ്വകാര്യ ബസ് ഉൾപ്പെടെയുള്ള ഹെവി വാഹനങ്ങൾ കണിയാമ്പുഴ റോഡിലൂടെ കൂടുതൽ സഞ്ചരിച്ച് ഹബ് എക്സിറ്റിലേക്ക് തിരിച്ചുവിടും. സഹോദരൻ അയ്യപ്പൻ റോഡിൽ നിന്ന് വരുന്ന കാറുകൾ ഉൾപ്പെടെയുള്ള ചെറിയ വാഹനങ്ങൾ സിഗ്നൽ കടന്ന് സ്റ്റേറ്റ് ഹൈവേയിലൂടെ കടത്തിവിട്ടുമാണ് പരിഹാരം കാണുന്നത്. ഇത്തരത്തിൽ ഹെവി വാഹനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുമെങ്കിലും ജംഗ്ഷനിലെ വലിയ സമയനഷ്ടം ഒഴിവാക്കാൻ ഇതിലൂടെ സാധിക്കും. പദ്ധതിയുടെ ഭാഗമായി വൈറ്റില ജംഗ്ഷനിൽ നിന്നും കണിയാമ്പുഴ ഭാഗത്തേക്കു 120 മീറ്റർ നീളത്തിലും 12.5 മീറ്റർ വീതിയിലും പുതിയ റോഡ് നിർമ്മിച്ചുമാണ് പദ്ധതി നടപ്പിലാക്കുന്നത്. നിർമാണ പ്രവർത്തനങ്ങൾ കാരണം നിലവിലെ ട്രാഫിക് കൂടുതൽ വഷളാകാതിരിക്കാൻ മതിൽ പൊളിക്കുന്നതുൾപ്പെടെയുള്ള സിവിൽ ജോലികൾ പൂർണ്ണമായും രാത്രികാലങ്ങളിലായിരിക്കും നടത്തുക. അവശിഷ്ടങ്ങൾ അപ്പപ്പോൾ തന്നെ ഗ്രീൻ സോണുകളിലേക്ക് മാറ്റി റോഡ് തടസ്സമില്ലാതെ സൂക്ഷിക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം വൈറ്റില ജംഗ്ഷനെ ഭാവിയിൽ പൂർണ്ണമായും സിഗ്നൽ രഹിതമാക്കാനുള്ള സുപ്രധാന ചർച്ചകളും യോഗത്തിൽ നടന്നു. ഇ. ശ്രീധരൻ, പൊതുജന പ്രതിനിധിയായ റോയ്, യുണൈറ്റഡ് ഫോറം എന്നിവർ സമർപ്പിച്ച മൂന്ന് വ്യത്യസ്ത പ്ലാനുകളാണ് ഇതിനായി പരിഗണനയിലുള്ളത്. മൂന്ന് പ്ലാനുകളും ക്രോഡീകരിച്ച് വലിയ ചിലവില്ലാത്ത ഒരു പ്രായോഗിക പദ്ധതി തയ്യാറാക്കാൻ നാളെ വൈകിട്ട് 4 ന് കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേരും. അതിനുശേഷം കളക്ടറുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ വൈറ്റില പ്രദേശം സന്ദർശിക്കുന്നതിനും യോഗത്തിൽ തീരുമാനമായി.

സബ് കളക്ടർ ഗ്രന്ഥേ സായി കൃഷ്ണ, കൊച്ചി കോർപ്പറേഷൻ കൗൺസിലർമാർ, ആർ.ടി.ഒ, ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർ, പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## ഇന്നത്തെ പരിപാടി

### കൊച്ചി

- **എറണാകുളം മെഡിക്കൽ സെന്റർ :** നവീകരിച്ച അത്യാഹിത വിഭാഗം ഉദ്ഘാടനം രാവിലെ 11.30ന് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ ഉദ്ഘാടനം നിർവ്വഹിക്കും.
- **പാലാരിവട്ടം പിഒസി :** കെസിബിസി മീഡിയ കമീഷൻ സംഘടിപ്പിക്കാൻ നാടകശിൽപ്പശാല രാവിലെ 10ന് പ്രൊഫ. ചന്ദ്രദാസൻ ഉദ്ഘാടനം ചെയ്യും.
- **മുളവുകാട് സഹകരണബാങ്ക് ഹെഡ് ഓഫീസ് :** മുളവുകാട് സഹകരണബാങ്കിന്റെ നേതൃത്വത്തിൽ സ്കൂൾ മാർക്കറ്റ് രാവിലെ 10ന്.

### കുറുപ്പംപടി

- **മുടക്കുഴ ആനന്ദാനത്ത് ഭഗവതി ക്ഷേത്രം :** ദേവീഭാഗവത നവാഹ യജ്ഞം രാവിലെ 11ന് മഹാസുദർശനഹോമം, രാത്രി 8ന് ഭക്തിഗാനോത്സവം.

### വരാപ്പുഴ

- **കോട്ടുവള്ളി സൗത്ത് ദേവാലയം :** പരിശുദ്ധ ഫാത്തിമ മാതാവിന്റെ തിരുനാൾ രാവിലെ 10ന് തിരുനാൾ ദിവ്യബലിയിൽ കോട്ടപ്പുറം രൂപത വികാരി ജനറൽ മോൺ : റോക്കി റോബി കളത്തിൽ മുഖ്യ കാർമ്മികത്വം വഹിക്കും.

### കാലടി

- **കൈപ്പട്ടൂർ ബോസ്കോ ഹാൾ :** അന്തർദേശിയ ശ്രീശങ്കര നൃത്ത സംഗീതോത്സവം രാവിലെ 10ന്.

# സഹ്യസാനു പുരസ്കാരം 2026: ചിത്രരചന മത്സരം സംഘടിപ്പിച്ചു

**കൊച്ചി:** സാമൂഹ്യ പ്രവർത്തകനും എഴുത്തുകാരനും ഫേസ് ഫൗണ്ടേഷൻ ചെയർമാനുമായിരുന്ന പ്രൊഫ. എം. കെ സാനുവിന്റെ സ്മരണാർത്ഥം സ്കൂൾ വിദ്യാർത്ഥികൾക്കായി ഫേസ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ സഹ്യസാനു പുരസ്കാരം 2026 ചിത്രരചന മത്സരം നടന്നു. എറണാകുളം ചിൽഡ്രൻസ് പാർക്കിൽ നടന്ന മത്സരം ചിത്രകാരൻ ടി. കലാധരൻ ഉദ്ഘാടനം ചെയ്തു. ഫേസ് ഫൗണ്ടേഷൻ ചെയർമാൻ ജസ്റ്റിസ് പി എൻ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി അഡ്വ. സുനിൽ ഹരീന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. കൊച്ചി നഗരസഭ മുൻമേയർ സൗമിനി ജയിൻ പുരസ്കാര നാമകരണം നടത്തി. ഫേസ് പ്രസിഡന്റ് ടി ആർ ദേവൻ ആമുഖ പ്രഭാഷണം നടത്തി. ജില്ലാ ശിശുക്ഷേമ സമിതി ട്രഷറർ സനം പി ടോഫിൻ. എസ് വൈ എസ് ജില്ലാ കോഡിനേറ്റർ സഹൽ ഇടപ്പള്ളി. ആർട്ടിസ്റ്റ് നന്ദനൻ. സുനിൽ വല്ലാർപാടം. മോനമ്മ കോക്കാട്. ഡോ.മേരി അനിത, സംവിധായകൻ ലാൽപ്രിയൻ, സംഘാടകസമിതി കൺവീനർ കെ പി ശിവദാസ് തുടങ്ങിയവർ പ്രസംഗിച്ചു. ടിന്റു മോൾ പ്രദീപ്. സിനിൽകുമാർ. കെ ബി മുരുകൻ. മഞ്ജു സി വി. സ്മിത സംഗീത്. രതീഷ് ഹരിഹരൻ എന്നിവർ നേതൃത്വം നൽകി. എറണാകുളം ജില്ലാ ശിഷ്യ ക്ഷേമ സമിതിയും ഫെയ്സ് ഫൗണ്ടേഷനും ചേർന്നാണ് മത്സരം സംഘടിപ്പിച്ചത്.



*പ്രൊഫ. എം. കെ സാനുവിന്റെ സ്മരണാർത്ഥം സ്കൂൾ വിദ്യാർത്ഥികൾക്കായി ഫേസ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ സഹ്യസാനു പുരസ്കാരം 2026 ചിത്രരചന മത്സരം ചിത്രകാരൻ ടി. കലാധരൻ ഉദ്ഘാടനം ചെയ്യുന്നു. ടി. ആർ ദേവൻ, കെ പി ശിവദാസ്, ജസ്റ്റിസ് പി എൻ രവീന്ദ്രൻ, സുനിൽ വല്ലാർപാടം, മോനമ്മ കോക്കാട് തുടങ്ങിയവർ സമീപം*

# 'വൈറോളജി ഇന്നൊവേഷൻ കോഹോർട്ട്; അപേക്ഷകൾ ജൂൺ 10 വരെ നൽകാം

**കൊച്ചി:** കേരളത്തിലെ ഡീപ്പ്-ടെക്, ലൈഫ് സയൻസസ് മേഖലകൾക്ക് കൂടുതൽ കരുത്തുപകരുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനും (കെഎസ് യുഎം) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയും (ഐഎവി) സംയുക്തമായി ദേശീയ തലത്തിലുള്ള 'വൈറോളജി ഇന്നൊവേഷൻ കോഹോർട്ട്' നടത്തും. വൈറോളജി, പുതിയ അണുബാധകൾ, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് എന്നീ മേഖലകളിൽ നൂതന പരിഹാരങ്ങൾ കണ്ടെത്തുന്ന സ്റ്റാർട്ടപ്പുകളെയും ഗവേഷകരെയും പിന്തുണയ്ക്കാൻ ലക്ഷ്യമിട്ടുള്ള ആറുമാസം നീണ്ടുനിൽക്കുന്ന സമഗ്ര പരിപാടിയാണിത്.

താല്പര്യമുള്ള നൂതന ആശയങ്ങളുള്ളവർക്കും സ്റ്റാർട്ടപ്പുകൾക്കും ജൂൺ 10 വരെ ഈ പ്രോഗ്രാമിലേക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനുമായി https://virology.startupmission.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. സാങ്കേതികവിദ്യ കൈമാറ്റത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾക്കും സംശയങ്ങൾക്കുമായി rink@startupmission.in എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടാം.

ഈ രംഗങ്ങളിൽ ഉയർന്നുവരുന്ന മികച്ച ആശയങ്ങളെ വിപണിക്ക് അനുയോജ്യമായ ഉൽപ്പന്നങ്ങളാക്കി മാറ്റാൻ ഈ പദ്ധതിയിലൂടെ സാധിക്കും. രോഗനിർണയം, ചികിത്സാരീതികൾ, വാക്സിൻ ആൻഡ് ഇമ്മ്യൂണോളജി പ്ലാറ്റ്ഫോമുകൾ, ജീനോമിക്സ് ആൻഡ് ബയോഇൻഫോർമാറ്റിക്സ്, വൈറൽ സാങ്കേതികവിദ്യകൾ, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസിന് എതിരെയുള്ള ഫേജ് അധിഷ്ഠിത പരിഹാരങ്ങൾ എന്നിവയിലാണ് ഈ പ്രോഗ്രാം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

പദ്ധതിയുടെ ഭാഗമാകുന്നവർക്ക് സയന്റിഫിക് മെന്റർഷിപ്പ്, ഉൽപ്പന്ന വികസനത്തിനുള്ള പിന്തുണ, പ്രത്യേക ഇൻകുബേഷൻ സൗകര്യങ്ങൾ, സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ സഹായം എന്നിവ ലഭ്യമാക്കും. കൂടാതെ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി വിജയകരമായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകളുടെ കൈമാറ്റവും സാധ്യമാക്കും. കൃത്യമായ വ്യവസ്ഥകളോടെയാകും സാങ്കേതികവിദ്യാ കൈമാറ്റം.

## ഗസ്റ്റ് ലക്ചറർ ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ആർക്കിയോളജി വിഭാഗത്തിൽ 2026-27 വർഷത്തെ ഗസ്റ്റ് ലക്ചറർ ഒഴിവ്. പി.ജി, നെറ്റ്/പിഎച്ച്ഡി (മുൻഗണന) എന്നിവയുള്ള, ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ മെയ് 25ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി പ്രിൻസിപ്പൽ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം . കൂടുതൽ വിവരങ്ങൾക്ക് www.maharajas.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ജില്ലാ ബാഡ്മിന്റൺ ടൂർണ്ണമെന്റ്: രണ്ടാംഘട്ട മൽസരങ്ങൾ നടന്നു

**കൊച്ചി:** എറണാകുളം ജില്ലാ ബാഡ്മിൻഡൻ ടൂർണമെന്റിന്റെ രണ്ടാം ഘട്ട മത്സരങ്ങൾ കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നു. അണ്ടർ 17 ആൺകുട്ടികളുടെ വിഭാഗത്തിൽ ജോവിൻ സോജൻ ജേതാവായി. വരുൺ എസ്. നായർ ആണ് രണ്ടാം സ്ഥാനം നേടിയത്. പെൺകുട്ടികളുടെ വിഭാഗത്തിൽ റിറ്റ്സ ജിയോവന ജേതാവായപ്പോൾ നിവേദിത എം. ബിനോയ് ആണ് രണ്ടാം സ്ഥാനം നേടിയത്. ആൺകുട്ടികളുടെ വിഭാഗം ഡബിൾസിൽ അഡിസൺ സുമേഷ്- കെ. എസ് സൗരവ്കൃഷ്ണ സഖ്യം ജേതാക്കളായപ്പോൾ അലക്സാണ്ടർ നിയാൽ-ജൊഹാൻ ജോൺ ഫ്രീജോ സഖ്യത്തിനാണ് രണ്ടാം സ്ഥാനം. വനിതാ വിഭാഗം ഡബിൾസിൽ ദേവിക ശ്രീജിത് - ജുവാരിയ ഷെഹ്സാദി സഖ്യം ജേതാക്കളായപ്പോൾ റെബേക്ക അന്ന പങ്കപ്പിള്ളി-റിറ്റ്സ ജിയോവന സഖ്യത്തിനാണ് രണ്ടാം സ്ഥാനം.



*എറണാകുളം ജില്ലാ ബാഡ്മിന്റൺ ടൂർണമെന്റിലെ രണ്ടാം ഘട്ട മത്സരങ്ങളിലെ ജേതാക്കൾ ജില്ലാ ബാഡ്മിൻഡൻ ഷട്ടിൽ അസോസിയേഷൻ ഭാരവാഹികൾക്കൊപ്പം.*

മിക്സഡ് ഡബിൾസിൽ ജൊവാൻ ജോൺ ഫ്രീജോ-ജുവാരിയ ഷെഹ്സാദി സഖ്യം ജേതാക്കളായപ്പോൾ ആഡിസൺ സുമേഷ്- അരുന്ധതി നിത്യാന്ദ് സഖ്യത്തിനാണ് രണ്ടാം സ്ഥാനം. അർ 19 ആൺകുട്ടികളുടെ വിഭാഗം സിംഗിൾസിൽ ധർമ്മിക് ശ്രീകുമാർ ജേതാവായപ്പോൾ ജോവിൻ സോജനാണ് രണ്ടാം സ്ഥാനം. പെൺകുട്ടികളുടെ വിഭാഗം സിംഗിൾസിൽ ഹിദ മരിയ ജോസ് ജേതാവായപ്പോൾ ദൃശ്യ വിജേഷിനാണ് രണ്ടാം സ്ഥാനം. ആൺകുട്ടികളുടെ വിഭാഗം ഡബിൾസിൽ വി വി ആദർശ്-ജാവേദ് റഹ്മാൻ സഖ്യം ജേതാക്കളായപ്പോൾ ധർമ്മിക് ശ്രീകുമാർ-എ. ഷിൽവൻ ജബാസ് സഖ്യത്തിനാണ് രണ്ടാം സ്ഥാനം പെൺകുട്ടികളുടെ വിഭാഗം ഡബിൾസിൽ ദേവിക ശ്രീജിത്-ജുവാരിയ ഷെഹ്സാദി സഖ്യം ജേതാക്കളായപ്പോൾ ജെന്നിഫർ ജെയ്സൺ-സ്മൃതി കൃഷ്ണ സഖ്യത്തിനാണ് രണ്ടാം സ്ഥാനം. മിക്സഡ് ഡബിൾസിൽ ജാവേദ് റഹ്മാൻ-ദൃശ്യ വിജേഷ് സഖ്യം ജേതാക്കളായപ്പോൾ സൗരവ് കൃഷ്ണ- നിവേദിത എം ബിനോയ് സഖ്യത്തിനാണ് രണ്ടാം സ്ഥാനം. പുരുഷ വിഭാഗം സിംഗിൾസിൽ ഡാൻലിയാസ് അത്താണിക്കൽ ജേതാവായപ്പോൾ വർഗ്ഗീസ് ജെ കൊടുപ്പനാപോളയ്ക്കൽ രണ്ടാം സ്ഥാനം നേടി. വനിതാ വിഭാഗം സിംഗിൾസിൽ ഹിദാ മരിയ ജോസ് ജേതാവായപ്പോൾ കെയ്ൻ സാറാ വിനോദ് രണ്ടാം സ്ഥാനം നേടി. പുരുഷ വിഭാഗം ഡബിൾസിൽ വി.വി ആദർശ്- ജാവേദ് റഹ്മാൻ സഖ്യം ജേതാക്കളായപ്പോൾ ജെറി എം ജോൺ-വർഗ്ഗീസ് ജെ കൊടുപ്പനാപോളയ്ക്കൽ സഖ്യത്തിനാണ് രണ്ടാം സ്ഥാനം. വനിതാ വിഭാഗം ഡബിൾസിൽ നിവേദിത എം ബിനോയ്- വാമിക ഇള സഖ്യം ജേതാവായപ്പോൾ ദേവിക ശ്രീജിത്- ജുവാരിയ ഷെഹ്സാദി സഖ്യത്തിനാണ് രാം സ്ഥാനം. മിക്സഡ് ഡബിൾസിൽ ജാവേദ് റഹ്മാൻ-ദൃശ്യ വിജേഷ് സഖ്യം ജേതാക്കളായപ്പോൾ ഡാൻലിയാസ് അത്താണിയ്ക്കൽ-ആൻഡ്രിയ സാറാ കുര്യൻ സഖ്യത്തിന് രണ്ടാം സ്ഥാനം. വിജയികൾക്കുള്ള സമ്മാനദാനം എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഡോ.ജെയ് ജേക്കബ്, ജില്ലാ ബാഡ്മിൻഡൻ ഷട്ടിൽ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.കെ.ബി.രാജേഷ്, വൈസ് പ്രസിഡന്റ് കെ.കെ.നദിർ, സെക്രട്ടറി ബി.ബാബു എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

# ഡോക്ടർമാരുടെ കുറഞ്ഞ ശമ്പളം 80,000 രൂപയാക്കണം: ഐ.എം.എ

**കൊച്ചി:** സംസ്ഥാനത്തെ ഡോക്ടർമാരുടെ കുറഞ്ഞ പ്രതിമാസ ശമ്പളം 80,000 രൂപ ആക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ) സംസ്ഥാന പ്രസിഡന്റ് ഡോ. എം.എൻ. മേനോൻ, സംസ്ഥാന സെക്രട്ടറി ഡോ. റോയ് ആർ. ചന്ദ്രൻ എന്നിവർ ആവശ്യപ്പെട്ടു. കൊച്ചി ഐ.എം.എ ഹൗസിൽ ചേർന്ന സംസ്ഥാന കമ്മിറ്റി യോഗത്തിനു ശേഷം വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ഇവർ. ആഴ്ചയിൽ 48 മണിക്കൂർ ജോലി ചെയ്യുന്ന എം.ബി.ബി.എസ്. ഡോക്ടർമാർ പ്രതിമാസം ഏറ്റവും കുറഞ്ഞത് 80,000 രൂപ ശമ്പളത്തിന് തികച്ചും അർഹരാണ്. ലോകത്തിലെ ഏറ്റവും കഠിനവും ദൈർഘ്യമേറിയതുമായ പഠന കോഴ്സുകളിൽ ഒന്നാണ് എം.ബി.ബി.എസ്. അനവധി വർഷങ്ങളുടെ കഠിനാധ്വാനവും പരിശീലനവും, അതീവ ഉത്തരവാദിത്വവും നിറഞ്ഞ ഈ മേഖലയിലെ ഡോക്ടർമാർക്ക് അവരുടെ സേവനത്തിനും സമർപ്പണത്തിനും യോജിച്ച മാന്യമായ ശമ്പളവും അംഗീകാരവും ലഭിക്കേണ്ടതാണ്. എന്നാൽ കേരളത്തിലെ സ്ഥിതി വളരെ ആശങ്കജനകമാണ്. കേരളത്തിലെ ജൂനിയർ ഡോക്ടർമാരുടെ തൊഴിലില്ലായ്മയും, തുച്ഛമായ ശമ്പളവും പരിഹരിക്കപ്പെടണമെന്നും ഇവർ വ്യക്തമാക്കി. പലയിടത്തും കൃത്യമായി ശമ്പളം ലഭിക്കുന്നുമില്ല. ഡോക്ടർമാർക്ക് മിനിമം വേജസ് വേണമെന്ന വർഷങ്ങളായിട്ടുള്ള ആവശ്യം പഠിക്കുവാനുമായി കഴിഞ്ഞ സംസ്ഥാനസമിതി നിശ്ചയിച്ച കമ്മിറ്റി റിപ്പോർട്ടിൽ ആശ്ചര്യജനകമായ വിവരങ്ങളാണ് പുറത്തുവന്നിട്ടുള്ളത്. സംസ്ഥാനത്ത് പ്രതിമാസം മുപ്പതിനായിരം രൂപയ്ക്ക് താഴെ ശമ്പളത്തിൽ ജോലി ചെയ്യുന്ന നിരവധി ഡോക്ടർമാരുണ്ടെന്ന് പഠനം കണ്ടെത്തി. ഏതാണ്ട് 82% ഡോക്ടർമാർക്കും മാന്യമായ ശമ്പളം ലഭിക്കുന്നില്ല. തൊഴിലില്ലായ്മയും തുച്ഛമായ ശമ്പളവും മൂലം 70% ഡോക്ടർമാരും കേരളം വിട്ട് മറ്റ് സംസ്ഥാനങ്ങളിലേക്കും മറ്റ് രാജ്യങ്ങളിലേക്കും ജോലി തേടി പോകാൻ ആഗ്രഹിക്കുന്നു. ഏതാണ്ട് 81% ജൂനിയർ ഡോക്ടർമാരും നിർബന്ധിത ബോണ്ട് സർവീസിൽപ്പെട്ടവരാണ്. സ്പെഷ്യലിസ്റ്റുകൾക്കും സൂപ്പർ സ്പെഷ്യലിസ്റ്റുകൾക്കുപോലും ന്യായമായ ശമ്പളം കേരളത്തിൽ ലഭിക്കുന്നില്ല. ശമ്പളം, സ്റ്റൈപെന്റ് മുതലായവ കൃത്യമായ സമയത്ത് വിതരണം ചെയ്യപ്പെടുന്നില്ലെന്നും ഇവർ വ്യക്തമാക്കി. വിദേശ വിദ്യാഭ്യാസം നടത്തി കേരളത്തിൽ എത്തിയ ഡോക്ടർമാരുടെ സ്ഥിതിയാണ് ഏറ്റവും ദയനീയം. സ്റ്റൈപെന്റ് പോലും ലഭിക്കാത്തവരാണ് ഈ വിഭാഗക്കാർ. ഇന്റേൺഷിപ്പ് പൂർത്തിയാക്കി പുറത്തിറങ്ങിയാലും ഇവരെ രണ്ടാം തട്ടുകാരായി കാണുകയും ശമ്പത്തിൽ വിവേചനം കാട്ടുകയുമാണെന്നും ഐ.എം. എ ഭാരവാഹികൾ വ്യക്തമാക്കി. അധിക ജോലിക്ക് കൂടുതൽ ശമ്പളം നൽകുകയും കൃത്യമായ സമയത്ത് തന്നെ ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തൊഴിലിടത്തിലെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ ഉണ്ടാവുകയും വേണം. വർഷം തോറും 7,500 ഓളം ഡോക്ടർമാരാണ് പഠനം പൂർത്തിയായി പുറത്തിറങ്ങുന്നത്. കേരളത്തിൽ ഇപ്പോഴും 1960 സ്റ്റാഫ് പാറ്റേൺ മാതൃകയിലാണ് സർക്കാർ മേഖലയിൽ ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തരെയും നിയമിക്കുന്നത്. ഇത് പരിഷ്ക്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണെന്നും ഇവർ വ്യക്തമാക്കി. ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും കൂടുതൽ നിയമിച്ച് കേരളത്തിലെ പ്രാഥമിക ആരോഗ്യമേഖല കൂടുതൽ മെച്ചപ്പെടുത്തണമെന്നും ഇവർ ആവശ്യപ്പെട്ടു. മസ്തിഷ്ക്ക മരണം സ്ഥിരീകരിച്ച വ്യക്തികളുടെ അവയവദാനം കൂടുതൽ പ്രോൽസാഹിപ്പിക്കപ്പെടണം. ഇതിനായി നിലവിലുള്ള നിയമത്തിലെ കാർക്കശ്യം ലഘൂകരിക്കണം. അത് സാധ്യമായാൽ കൂടുതൽ പേർക്ക് ജീവിതത്തിലേക്ക് മടങ്ങിവരാനുള്ള സാധ്യത വർധിപ്പിക്കുകയും ഒപ്പം അവയവദാന രംഗത്തെ മാഫിയകളെ ഇല്ലായ്മ ചെയ്യാനും വഴിതെളിക്കുമെന്നും ഇവർ വ്യക്തമാക്കി. സംസ്ഥാന ട്രഷറർ ഡോ. കെ.പി ഷറഫുദ്ദീൻ, മുൻ പ്രസിഡന്റ് ഡോ. സുൾഫി നൂഹ്, ഐ.എം.എ കൊച്ചി വൈസ് പ്രസിഡന്റ് ഡോ. ജോർജ്ജ് തുകലൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കുടുംബശ്രീ 'റിഥം 2026' ക്യാമ്പയിന് ജില്ലയിൽ തുടക്കം

**കൊച്ചി:** കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലയിലാകെ "റിഥം 2026" ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. സി.ഡി.എസ് അംഗങ്ങളുടെ നേതൃത്വശേഷി, സംഘടനാ പ്രവർത്തന മികവ്, ആശയവിനിമയ കഴിവ് എന്നിവ കൂടുതൽ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ബ്ലോക്ക് തലങ്ങളിലായാണ് പരിശീലന പരിപാടികൾ നടക്കുന്നത്. സി.ഡി.എസിലെ മുഴുവൻ അംഗങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിലാണ് ക്യാമ്പയിൻ ക്രമീകരിച്ചിരിക്കുന്നത്.

സംസ്ഥാനതലത്തിൽ പരിശീലനം നേടിയ മാസ്റ്റർ പരിശീലകർ മുഖേന ജില്ലാതല പരിശീലകരെ സജ്ജരാക്കുകയും അവർ ബ്ലോക്ക് തല പരിശീലനങ്ങൾക്ക് നേതൃത്വം നൽകുന്ന രീതിയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. കുടുംബശ്രീയുടെ പ്രവർത്തനരീതി, സംഘടനാ ഘടന, ലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനും അംഗങ്ങളുടെ നേതൃത്വ ശേഷിയും പ്രവർത്തന കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനുമാണ് പരിശീലനം ലക്ഷ്യമിടുന്നത്.

'റിഥം' എന്ന പേരിലൂടെ ഒരേ താളത്തിലും ഒരേ ദിശയിലും സി.ഡി.എസ് അംഗങ്ങൾ ഒന്നിച്ച് മുന്നേറണമെന്ന ആശയമാണ് ക്യാമ്പയിൻ മുന്നോട്ടുവയ്ക്കുന്നത്. നേതൃത്വപാടവവും ആശയവിനിമയ ശേഷിയും വർധിപ്പിക്കുന്ന വിവിധ സെഷനുകളും പരിശീലനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** 2025-26 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലെ പത്താം ക്ലാസ് എന്നീ പരീക്ഷകളിൽ ഉയർന്ന മാർക്ക് (10A+, 9A+, 8A+) നേടിയവർക്കും, ദേശീയ-സംസ്ഥാന കായിക മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയ മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും മക്കൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന ക്യാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേ അവസാന തീയതി മെയ് 23 അഞ്ച് മണി വരെ. ഫോൺ : 0484 2396005.

## ദേശീയ ഡെങ്കി ദിനാചരണം: ജില്ലയിൽ ക്യാമ്പയിനുകൾക്ക് തുടക്കമായി

**കൊച്ചി:** ജില്ലയിൽ ദേശീയ ഡെങ്കി ദിനാചരണത്തിന്റെ ഭാഗമായി എന്റെ ഓഫീസ് ഉറവിട വിമുക്തം, ഓപ്പറേഷൻ സി.ഐ.ഡി (ചെക്ക്, ഇൻസ്പെക്ട്, ഡ്രയിൻ /ഡിസ്ട്രോയ്) ക്യാമ്പയിനുകൾ ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം ചെയ്തു. കൊതുക് നശീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൃത്രിമ ജലാശയങ്ങൾ, അലങ്കാര കുളങ്ങൾ എന്നിവിടങ്ങളിൽ കൂത്താടി ഭോജികളായ ഗപ്പി മീനുകളെ നിക്ഷേപിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനവും നിർവ്വഹിച്ചു.

ഡെങ്കിപ്പനി പ്രതിരോധത്തിനായി ശനിയാഴ്ചകളിൽ ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രതിവാര ഉറവിട നശീകരണ പരിപാടി ശക്തമാക്കുന്നതിനാണ് എന്റെ ഓഫീസ് ഉറവിട വിമുക്തം ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സിവിൽ സ്റ്റേഷനിലെ 88 ഓഫീസുകളിലും കളക്ടറേറ്റ്, ആരോഗ്യ വകുപ്പ് ജീവനക്കാർ അടങ്ങിയ ടീം സന്ദർശനം നടത്തി. ഓഫീസുകളിൽ പ്രതിജ്ഞ ചൊല്ലൽ, ബോധവത്കരണ പോസ്റ്റർ പ്രദർശിപ്പിക്കൽ, ഊർജ്ജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ എന്നിവയും ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ചു.

ഇതിന്റെ ഭാഗമായി വിപുലമായ സോഷ്യൽ മീഡിയ പ്രചരണം, ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ഉറവിട നശീകരണം, തദ്ദേശ സ്ഥാപന തലത്തിലും വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റികൾ കേന്ദ്രീകരിച്ചുമുള്ള യോഗങ്ങൾ എന്നിവ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, അതിഥി തൊഴിലാളികളുടെ താമസസ്ഥലങ്ങൾ, പ്ലാന്റേഷനുകൾ, നിർമ്മാണ സ്ഥലങ്ങൾ, അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ, ഫ്ളാറ്റുകൾ, വീടുകൾ എന്നിവിടങ്ങളിൽ വരും ദിവസങ്ങളിൽ പരിശോധനയും ഗപ്പി വിതരണവും ഉറവിട നശീകരണ ബോധവൽക്കരണ പ്രവർത്തനങ്ങളും നടക്കും. കളക്ടറേറ്റിൽ നടന്ന പരിപാടിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഷാഹിർ ഷാ, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. കെ.കെ ആശ, ഹുസൂർ ശിരസ്തദാർ വി ജി ജ്യോതി, കാക്കനാട് കുടുംബാരോഗ്യ മെഡിക്കൽ ഓഫീസർ ഡോ. ഗോപിക പ്രേം ആർ എന്നിവർ നേതൃത്വം നൽകി. സീനിയർ ബയോളജിസ്റ്റ് ബിനുക്കുട്ടൻ, ജില്ലാ വെക്ടർബോൺ ഡിസീസസ് കൺട്രോൾ ഓഫീസർ കെ ആർ ദാമോദരൻ, ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ ഡോ. ജി രജനി എന്നിവർ പങ്കെടുത്തു.

# സ്കൂൾ ബസുകളുടെ സുരക്ഷ: കർമ്മ പദ്ധതി തയ്യാറാക്കി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

**കൊച്ചി:** 2026-27 അധ്യയന വർഷത്തിന് മുന്നോടിയായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ ബസുകളുടെ സുരക്ഷാ പരിശോധന മെയ് 20, 23 തീയതികളിൽ കളമശ്ശേരി സി.എഫ് ഗ്രൗണ്ടിൽ രാവിലെ എട്ട് മുതൽ നടക്കും.

കുട്ടികളുടെ സുരക്ഷ മുൻനിർത്തി ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ വാഹനങ്ങൾക്ക് അനുമതി നൽകുകയുള്ളൂ എന്ന് ജില്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ കെ ആർ സുരേഷ് അറിയിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസുകൾ ഗോൾഡൻ യെല്ലോ നിറത്തിൽ പെയിന്റ് ചെയ്യുകയും വശങ്ങളിൽ ജനലുകൾക്ക് താഴെയായി 150 മില്ലിമീറ്റർ വീതിയിൽ ഗോൾഡൻ ബ്രൗൺ കര നൽകുകയും വേണം.

വാടകയ്ക്കെടുക്കുന്ന വാഹനമാണെങ്കിൽ 'ഓൺ സ്കൂൾ ഡ്യൂട്ടി' എന്ന് വ്യക്തമായി എഴുതിയ ബോർഡ് വാഹനത്തിന് മുന്നിലും പിന്നിലും പ്രദർശിപ്പിക്കണം. എല്ലാ വാഹനങ്ങളിലും ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പർ ( 1098), മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നമ്പർ (8547639117) എന്നിവ രേഖപ്പെടുത്തണം.

ഓരോ വാഹനത്തിലും മതിയായ രീതിയിലുള്ള ഫസ്റ്റ് എയ്ഡ് ബോക്സ്, അഗ്നിശമന ഉപകരണങ്ങൾ എന്നിവ ഉണ്ടായിരിക്കണം. ഫസ്റ്റ് എയ്ഡ് ബോക്സിൽ ഡ്രസ്സിംഗിന് ആവശ്യമായ സാമഗ്രികൾ, ആന്റിസെപ്റ്റിക് ലോഷനുകൾ, ഐ ഡ്രോപ്സ് എന്നിവയുൾപ്പെടെ നിയമം അനുശാസിക്കുന്ന 13 ഇനം വസ്തുക്കൾ നിർബന്ധമായും സൂക്ഷിക്കണം.

വാഹനത്തിന്റെ ജനലുകളിൽ തിരശ്ചീനമായ ഗ്രില്ലുകൾ ഉണ്ടായിരിക്കണം. കൂടാതെ, കുട്ടികളെ സഹായിക്കാൻ യോഗ്യതയുള്ള ഒരു അറ്റൻഡന്റും വാഹനത്തിൽ ഉണ്ടാവണം. ബസ് ജീവനക്കാരുടെ പെരുമാറ്റവും സേവനവും വിലയിരുത്തുന്നതിനായി രക്ഷിതാക്കളുടെയോ അധ്യാപകരുടെയോ നേതൃത്വത്തിൽ മിന്നൽ പരിശോധനകൾ നടത്താനും നിർദ്ദേശമുണ്ട്.

ഡ്രൈവർമാരുടെ കാര്യത്തിലും കർശനമായ മാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ ഓടിക്കുന്നവർക്ക് കുറഞ്ഞത് പത്ത് വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. ട്രാഫിക് നിയമങ്ങൾ ലംഘിക്കുകയോ അമിതവേഗതയിൽ വാഹനം ഓടിക്കുകയോ ചെയ്തതിന് ഒരു വർഷത്തിനിടെ രണ്ടുതവണയിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട ഡ്രൈവർമാരെ ഒരു കാരണവശാലും ജോലിക്ക് നിയോഗിക്കരുത്. ബസിൽ യാത്ര ചെയ്യുന്ന കുട്ടികളുടെയും അവരുടെ രക്ഷകർത്താക്കളുടെയും ഫോൺ നമ്പറുകൾ അടങ്ങിയ ലിസ്റ്റ് ലാമിനേറ്റ് ചെയ്ത് വാഹനത്തിൽ സൂക്ഷിക്കണമെന്നും നിർദ്ദേശമുണ്ട്.

സ്കൂൾ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനായി സ്പീഡ് ഗവർണറുകൾ ഘടിപ്പിക്കുകയും അവ പരമാവധി 50 കിലോമീറ്റർ വേഗതയിൽ ക്രമീകരിക്കുകയും വേണം.

അടിയന്തര സാഹചര്യങ്ങളിൽ പുറത്തിറങ്ങുന്നതിനായി ബസുകളിൽ കൃത്യമായ അളവിലുള്ള എമർജൻസി എക്സിറ്റുകൾ ഉണ്ടായിരിക്കണം.

ഓരോ വാഹനത്തിലും കുട്ടികൾക്ക് ഇരിക്കാനുള്ള സീറ്റുകളുടെ വീതിയും നീളവും നിശ്ചിത അളവിൽ കുറയരുത്. ഈ നിർദ്ദേശങ്ങൾ പാലിക്കാത്ത വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

# കറുപ്പിലൂടെ സൂര്യയുടെ വമ്പൻ തിരിച്ചു വരവ്



സൂര്യ ആർ.ജെ. ബാലാജി ചിത്രം 'കറുപ്പ്' പ്രതിസന്ധികൾക്കൊടുവിൽ കഴിഞ്ഞ ദിനം തിയേറ്റർ റിലീസായി. പ്രീ സെയിൽ ബുക്കിങ് ഇല്ലാതിരുന്നിട്ടും പ്രതിസന്ധികൾ തരണം ചെയ്തു തിയേറ്ററിലെത്തിയ ചിത്രത്തിനു ആദ്യ ദിനം ബുക്ക് മൈ ഷോയിൽ മാത്രം ആറു ലക്ഷത്തി എഴുപത്തി ഒന്നായിരത്തിൽപ്പരം ടിക്കറ്റുകൾ വിൽക്കാനായി. റിലീസ് ചെയ്ത എല്ലാ സംസ്ഥാനങ്ങളിലും ആദ്യ ദിനം ഗംഭീര പ്രേക്ഷക പ്രതികരണവും ഹൗസ് ഫുൾ ഷോകളും ലേറ്റ് നൈറ്റ് അഡിഷണൽ ഷോകളും നടന്നു. സൂര്യയുടെ ഗംഭീര പ്രകടനമാണ് ചിത്രം സമ്മാനിക്കുന്നത്. മലയാളി താരങ്ങളായ ഇന്ദ്രൻസ്, അനഘ, സ്വാസിക, ശിവദ എന്നിവരുടെ മികച്ച പ്രകടനങ്ങളും ചിത്രത്തിലുണ്ട്. രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷം സൂര്യയും തൃഷയും വീണ്ടും ഒന്നിക്കുന്നതാണ് ചിത്രത്തിന്റെ പ്രധാന ആകർഷണം. ഇരുവരും ഇതുവരെ ചെയ്ത വേഷങ്ങളിൽ നിന്ന് വ്യത്യസ്തമായ ഗെറ്റപ്പിലും മേക്കോവറിലുമായാണ് 'കറുപ്പ്'യിൽ എത്തുന്നത്. വൈറൽ ഹിറ്റുകളിലൂടെ ശ്രദ്ധേയനായ യുവ സംഗീത സംവിധായകൻ സായ് അഭ്യാങ്കറാണ് ചിത്രത്തിന് സംഗീതം ഒരുക്കുന്നത്. ചിത്രത്തിലെ ഗാനങ്ങൾക്കും പശ്ചാത്തല സംഗീതത്തിനും വൻ വരവേൽപ്പാണ് പ്രേക്ഷകർ തിയേറ്ററിൽ നൽകുന്നത്. ഇന്ദ്രൻസ്, നാട്ടി, സ്വാസിക, അനഘ മായ രവി, ശിവദ, സുപ്രീത് റെഡ്ഡി തുടങ്ങിയ പ്രമുഖ താരങ്ങളും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നു. സൂര്യ-തൃഷ കൂട്ടുകെട്ടിന്റെ മാജിക് ബിഗ് സ്ക്രീനിൽ കറുപ്പിലൂടെ പ്രേക്ഷകർക്ക് സമ്മാനിക്കുകയാണ് ചിത്രം. പി ആർ ഒ : പ്രതീഷ് ശേഖർ

# 'തേവർ'

ധ്യാൻ ശ്രീനിവാസൻ, ഡോക്ടർ റോഷൻ രാജ്, ഷഹീൻ സിദ്ദിഖ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ നിജീഷ് സഹദേവൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'തേവർ' എന്ന ചിത്രത്തിന്റെ ചിത്രീകരണം പൊള്ളാച്ചിയിൽ ആദ്യ ഷെഡ്യൂൾ പൂർത്തിയായി. രണ്ടാം ഘട്ട ചിത്രീകരണം കേരളത്തിൽ ഉടൻ ആരംഭിക്കും. ഫാന്റസി ഹ്യൂമർ ത്രില്ലർ ജോണറിൽ ഒരുക്കുന്ന ഈ ചിത്രത്തിൽ തലൈവാസൽ വിജയ്, കലാഭവൻ ഷാജോൺ, മൊട്ട രാജേന്ദ്രൻ, വയ്യാപുരി, ഐശ്വര്യ, പൂജ റാം, ഡാനി, മേജർ രവി, ദേവൻ,ഷാജു ശ്രീധർ,ഹരീഷ് കണാരൻ, നിർമ്മൽ പാലാഴി, സുനിൽ സുഖദ, ദിനേശ് പണിക്കർ, ജയരാജ് വാര്യർ, ശിവജി ഗുരുവായൂർ, കപോതൻ ശ്രീധരൻ നമ്പൂതിരി തുടങ്ങിയവരും അഭിനയിക്കുന്നു.

ഹൊറയ്സൺ എന്റർടൈന്റ്സിന്റെ ബാനറിൽ മൊട്ടമ്മൽ രാജൻ (ദോഹ) നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം എൽദോ ഐസക് നിർവ്വഹിക്കുന്നു. സംഗീതം ഔസേപ്പച്ചൻ, എഡിറ്റർ ആയൂബ് ഖാൻ, ആർട്ട് ഡയറക്ടർ സജിത്ത് മുയാട്, പ്രൊഡക്ഷൻ കൺട്രോളർ ജബ്ബാർ മതിലകം, പ്രോജക്ട് ഡിസൈനർ ഹംസ ദേശമംഗലം, ചീഫ് അസോസിയേറ്റ് ഡയറക്ടർ പ്രസാദ് യാദവ്, കോസ്റ്റ്യൂം ഡിസൈനർ സുകേഷ് താനൂർ, മേക്കപ്പ് മഹേഷ് ചേർത്തല, സ്ക്രിപ്റ്റ് അസോസിയേറ്റ് ബിനു കുമാർ എസ്, കൊറിയോഗ്രാഫി കുമാർ ശാന്തി, ആക്ഷൻ തവ്സിരാജ്, ബ്രൂസിലി രാജേഷ്, ഫിനാൻസ് കൺട്രോളർ വിവേക് ശ്രീ കാർത്തികേയൻ, ഫിനാൻസ് മാനേജർ മുരുകേശൻ കൽപ്പാത്തി, പ്രൊഡക്ഷൻ മാനേജർ പ്രസാദ് ശ്രീകൃഷ്ണപുരം, അരുൺ കണ്ണൂർ, സ്റ്റിൽസ് ഷിബി ശിവദാസ്, പി ആർ ഒ എ.എസ് ദിനേശ്.



# ഇൻ ഹരിഹർ നഗർ താരങ്ങൾ പൊന്നാനിയിൽ



പതിനാറ് വർഷങ്ങൾക്ക് ശേഷം 'ഇൻ ഹരിഹർ നഗർ ' എന്ന ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച താരങ്ങളായ മുകേഷ് ജഗദീഷ്, സിദ്ദിഖ്, അശോകൻ ഒരുമിച്ച് പുതിയ ചിത്രത്തിൽ അഭിനയിക്കുന്നു. അപ്പായ് സിനിമാസിന്റെ ബാനറിൽ സിജോ ജോർജ്ജ് നിർമ്മിച്ച്, സുനിൽ കർമ്മ, നിഖിൽ ജിനൻ എന്നിവർ രചന നിർവഹിച്ച്,ജയേഷ് വേണു ഗോപാൽ സംവിധാനം ചെയ്യുന്ന 'പാതിരാക്കുറുക്കൻ' എന്ന സിനിമയിൽ അഭിനയിക്കാനാണ് അവർ പൊന്നാനിയിൽ എത്തിയത്. ചിത്രീകരണത്തിനിടയിൽ ഒരു ദിവസം നാലു പേരും ഒന്നിച്ച് പൊന്നാനിയിലെ ലോക്കേഷനിൽ എത്തി. അപൂർവ്വമായ ആ കൂടിച്ചേരൽ നിർമ്മാതാവ് സിജോ ജോൺ ഒരു ആഘോഷമാക്കി മാറ്റി. ചിത്രത്തിലെ മറ്റ് നടി നടന്മാരും സാങ്കേതിക പ്രവർത്തകരും നാട്ടുകാരും പങ്കെടുത്ത ആഘോഷ ചടങ്ങിൽ വെച്ച് ഈ സൗഹൃദ താരങ്ങൾ ഒരുമിച്ച് കേക്ക് മുറിച്ച് മധുരം വിതരണം ചെയ്തു. തുടർന്ന് ഓരോരുത്തരും അവരവരുടെ ഓർമ്മകൾ പങ്കു വെച്ചു. നിർമൽ പാലാഴി, റിയാസ് നർമ്മകല, സുധീർ പറവൂർ, കുട്ടി അഖിൽ, അനീഷ് ഗോപാൽ, ടെസ്സ ജോസഫ്, അജയൻ മാടയ്ക്കൽ, സോഷ്യൽ മീഡിയ ഇൻഫ്ലുവെൻസെഴ്സ് ആയ അശിത അശിജ തുടങ്ങിയവരാണ് മറ്റു താരങ്ങൾ. സെൽവകുമാർ എസ് ഛായാഗ്രഹണം നിർവഹിക്കുന്നു.സംഗീതം ഗോപി സുന്ദർ,എഡിറ്റർ അതുൽ വിജയ്, കലാസംവിധാനം ത്യാഗു തവനൂർ, മേക്കപ്പ് രാജേഷ് നെന്മാറ, വസ്ത്രാലങ്കാരം സുകേഷ് താനൂർ, സ്റ്റിൽസ് ജയപ്രകാശ് അതളൂർ, അസോസിയേറ്റ് ഡയറക്ടേഴ്സ്- അഭിലാഷ് കൃഷ്ണ, എം. രമേഷ് കുമാർ, സംവിധാന സഹായികൾ മണികണ്ഠൻ, ശ്രീജിത്ത്, സംഘട്ടനം അഷ്റഫ് ഗുരുക്കൾ, വിനോദ് പ്രഭാകർ, നൃത്തസംവിധാനം റിക്കി റിചാർഡ്സൺ, പ്രൊഡക്ഷൻ കൺട്രോളർ മൻസൂർ വെട്ടത്തൂർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഷമീജ് കൊയിലാണ്ടി പ്രൊഡക്ഷൻ മാനേജർ ജസ്റ്റിൻ കൊല്ലം, പ്രൊജക്ട് കോർഡിനേറ്റർ ലിജിൻ സിയാർ, പി ആർ ഓ-എ എസ് ദിനേശ്.

# 'ഹാപ്പിലൂപ്പ്'




മഞ്ജുവാര്യരെ കേന്ദ്ര കഥാപാത്രമാക്കി ആനന്ദ് മേനൻ സംവിധാനം ചെയ്യുന്ന 'ഹാപ്പിലൂപ്പ്' ഇരിങ്ങാലക്കുടയിൽ ചിത്രീകരണം ആരംഭിച്ചു. കാറളം കുമരഞ്ചിറ ഭഗവതി ക്ഷേത്രത്തിൽ വെച്ചാണ് ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമ്മവും നിർവഹിച്ചത്. 'ഗൗതമന്റെ രഥം', 'വാഴ 1' എന്നീ ചിത്രങ്ങൾക്കുശേഷം ആനന്ദ് മേനൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ഹാപ്പിലൂപ്പ് '. മുകേഷ്, ജെ പി തുമിനാട്, മധു വാര്യർ, വി കെ പ്രകാശ്, നീരജ രാജേന്ദ്രൻ, നിധിന്യ, അനു, നിഷാന്ത് സാഗർ, ആതിര രാജീവ് തുടങ്ങിയ പ്രമുഖരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

മൂവി ബക്കറ്റിന്റെ ബാനറിൽ ബിനീഷ് ചന്ദ്രൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ കഥ തിരക്കഥ ആഷിഖ് ഐമർ എഴുതുന്നു. ഛായാഗ്രഹണം ഗൗതം ശങ്കർ, എഡിറ്റർ കണ്ണൻ മോഹൻ, സംഗീതം ഇലക്ട്രോണിക് കിളി, പാർവതീഷ് പ്രദീപ്, പ്രൊഡക്ഷൻ ഡിസൈനർ ക്രിപേഷ് അയ്യപ്പൻകുട്ടി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ അനീഷ് സി സലിം, പ്രൊഡക്ഷൻ കൺട്രോളർ ഷബീർ മലവട്ടത്ത്, ചീഫ് അസോസിയേറ്റ് ബിനു ജി നായർ, മേക്കപ്പ് റോണക്സ് സേവ്യർ, വസ്ത്രാലങ്കാരംലിജി പ്രേമൻ,വി എഫ് എക്സ് പ്രോമൈസ്, സ്റ്റിൽസ് രോഹിത് കെ സുരേഷ്, പോസ്റ്റർ ഡിസൈൻ റോസ്റ്റഡ് പേപ്പർ, ടൈറ്റിൽ ഡിസൈൻ ഡെല്ലു, പി ആർ ഒഎ എസ് ദിനേശ്.

സൊസൈറ്റി ടുഡേ SOCIETY TODAY

# മുപ്പതിന്റെ നിറവിൽ ചാവറ മാട്രിമോണി; 'ചാവറ കെയർ' പദ്ധതിക്കും തുടക്കം



**കൊച്ചി:** ചാവറ മാട്രിമോണിയുടെ മുപ്പതാം വാർഷികാഘോഷങ്ങൾ എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ നടന്നു. സിനിമാ താരം ഷീല ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. സി.എം.ഐ സഭ പ്രിയോർ ജനറൽ റവ. ഡോ. പോൾ അച്ചാണ്ടി സി.എം.ഐ മുഖ്യാതിഥിയായിരുന്നു. ചടങ്ങിൽ സഫാരി ടി.വി മാനേജിംഗ് ഡയറക്ടർ സന്തോഷ് ജോർജ് കുളങ്ങര വിശിഷ്ടാതിഥിയായി പങ്കെടുത്തു. ചാവറ മാട്രിമോണിയുടെ മുപ്പതാം വർഷത്തിന്റെ ഭാഗമായ ലോഗോ പ്രകാശനവും അതിനോടൊപ്പം തന്നെ സി ടോക്ക് എന്ന പരിപാടിയുടെ പോഡ് കാസ്റ്റ് ലോഗോയുടെ പ്രകാശനവും ഇതോടൊപ്പം നടന്നു. മുപ്പതാം വാർഷികത്തോടനുബന്ധിച്ച് നിർമ്മിച്ച പുതിയ ടെലിവിഷൻ പരസ്യം 'ഹൃദയങ്ങൾ ഒന്നായ മുപ്പത് വർഷങ്ങൾ' പരിപാടിയിൽ പുറത്തിറക്കി. നടനും പരസ്യ സംവിധായകനുമായ സിജോയ് വർഗീസ്, മോട്ടിവേഷണൽ സ്പീക്കർ ജോസഫ് അന്നംകുട്ടി ജോസ്,കോർപ്പറേഷൻ കൗൺസിലർ കെ.വി.പി കൃഷ്ണകുമാർ തുടങ്ങിയവർ സംസാരിച്ചു. വാർഷികാഘോഷങ്ങളുടെ ഭാഗമായി 'ചാവറ കെയർ' എന്ന പേരിൽ പുതിയ സി.എസ്.ആർ പദ്ധതിക്കും തുടക്കം കുറിച്ചു.

ഇതിന്റെ ഭാഗമായി സെന്റ് ജോസഫ് യു.പി സ്കൂളിന് കമ്പ്യൂട്ടറുകളും ഒരു ലക്ഷം രൂപയുടെ സാമ്പത്തിക സഹായവും നൽകി. ഹൃദയസംബന്ധമായ അസുഖങ്ങൾ അനുഭവിക്കുന്നവർക്കായി കാർഡിയാക് ടേബിളും വിതരണം ചെയ്തു. ചാവറ മാട്രിമോണി ചെയർമാൻ ഫാ. ബിനോയ് എലവുങ്കൽ സി.എം.ഐ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് , അസി.ഡയറക്ടർ ഫാ.എമിൽ സെബാസ്റ്റ്യൻ പുള്ളിക്കാട്ടിൽ, ചാവറ മാട്രിമോണി എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺസൺ സി .എബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.

# ചന്ദ്രായനം പുസ്തകം പ്രകാശനം ചെയ്തു



**കൊച്ചി:** സുനിൽ കുമാർ കെ എൻ രചിച്ച ചന്ദ്രായനം എന്ന നോവലിന്റെ പ്രകാശനം എഴുത്തുകാരനായ എൻ എസ് മാധവൻ നിർവഹിച്ചു. എഴുത്തുകാരനും ചലച്ചിത്ര നിരൂപകനുമായ ഐ ഷൺമുഖദാസ് ആദ്യ പ്രതി ഏറ്റുവാങ്ങി. ഭാരതത്തിന്റെ പ്രഥമ ചക്രവർത്തിയായ ചന്ദ്രഗുപ്ത മൗര്യന്റെ ജീവിതത്തിലെ അവസാന നാളുകളെയും അദ്ദേഹത്തിന്റെ ആത്മീയ പരിവർത്തനത്തെയും അടയാളപ്പെടുത്തുന്ന ചരിത്ര നോവലാണിത്. കവി സച്ചിദാനന്ദൻ, കലാനിരൂപകനായ വി കലാധരൻ ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു. ഫെഡറൽ ബാങ്കിലെ ചീഫ് കംപ്ലെയ്ൻസ് ഓഫീസറായി പ്രവർത്തനമനുഷ്ഠിക്കുന്ന സുനിൽ കുമാറിന്റെ രാമത്തെ നോവലാണ് ചന്ദ്രായനം. ഡിസി ബുക്സ് ആണ് പ്രസാധകർ.

# ടി ഡി എസ് വ്യവസ്ഥ: പൊതുജന അവബോധ പരിപാടി സംഘടിപ്പിച്ചു



**കൊച്ചി:** ആദായനികുതി നിയമം 2025ലെ ടി ഡി എസ് വ്യവസ്ഥകളെക്കുറിച്ചുള്ള പൊതുജന അവബോധ പരിപാടി സംഘടിപ്പിച്ചു. ഇന്ത്യൻ ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഇൻസ്റ്റിറ്റിയൂട്ട് എറണാകുളം ബ്രാഞ്ചിന്റെ സഹകരണത്തോടെയാണ് ആദായനികുതി വകുപ്പ് ടി ഡി എസ് റേഞ്ച് കൊച്ചി പരിപാടി സംഘടിപ്പിച്ചത്. 'പ്രാരംഭ് 2026 പോളിസി റീഫോം ആൻഡ് റെസ്പോൺസിബിൾ ആക്ഷൻ ഫോർ മിഷൻ വിക്സിത് ഭാരത് 2047' പദ്ധതിയുടെ ഭാഗമായി എറണാകുളം ദിവാൻസ് റോഡിലുള്ള ഐ സി എ ഐ ഭവനിൽ നടന്ന പരിപാടിയിൽ സിനിമാ മേഖലയിലെയും സോഷ്യൽ മീഡിയ കന്റ് ക്രിയേറ്റർ സമൂഹത്തിലെയും പ്രതിനിധികൾ പങ്കെടുത്തു.

ആദായനികുതി ജോയിന്റ് കമ്മീഷണർ (ടി ഡി എസ്) ഷെരീഫ് റഷീദ് ഐ ആർ എസ് ആദായനികുതി നിയമം 2025ലെ ടി ഡി എസ് വ്യവസ്ഥകളെക്കുറിച്ച് അവതരിപ്പിച്ചു. സിനിമാ മേഖലയിലും സോഷ്യൽ മീഡിയ കന്റ് ക്രിയേറ്റർമാർക്കും ബാധകമായ വ്യവസ്ഥകൾക്ക് പ്രത്യേക പ്രാധാന്യം നൽകി അദ്ദേഹം വിശദീകരണം നടത്തി. രാജ്യനിർമ്മാണത്തിൽ നികുതിദായകരുടെ നിർണായക പങ്ക് എടുത്തുപറഞ്ഞ അദ്ദേഹം നികുതി സംഭാവനകൾ രാജ്യത്തിന്റെ വികസനത്തിന് നേരിട്ട് സഹായകരമാണെന്നും പറഞ്ഞു.

ഐ സി എ ഐ ചെന്നൈ എസ് ഐ ആർ സി ട്രഷറർ ദീപ വർഗീസ് ,ഐ സി എ ഐ എറണാകുളം ബ്രാഞ്ച് ചെയർമാൻ ജോബി ജോർജ് ,ആദായനികുതി ഡെപ്യൂട്ടി കമ്മീഷണർ (ടി ഡി എസ്) കെ ടി സേവ്യർ തുടങ്ങിയവർ സംസാരിച്ചു

# രവീന്ദ്രൻ ഷൺമുഖം ടിവിഎസ് മോട്ടോർ കമ്പനിയുടെ സ്വതന്ത്ര ഡയറക്ടർ



**കൊച്ചി:** ടിവിഎസ് ഗ്രൂപ്പിന്റെ ഭാഗമായ ഇരുചക്രമുച്ചക്ര വാഹന നിർമാണരംഗത്തെ പ്രമുഖരായ ടിവിഎസ് മോട്ടോർ കമ്പനി (ടിവിഎസ്എം), രവീന്ദ്രൻ ഷൺമുഖത്തെ കമ്പനിയുടെ സ്വതന്ത്ര ഡയറക്ടറായി നിയമിച്ചു. ഓഹരി ഉടമകളുടെ അംഗീകാരത്തിന് വിധേയമായി, 2026 മേയ് 13 മുതൽ അഞ്ച് വർഷത്തേക്കാണ് നിയമനം. നിലവിൽ എഐ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സിംഗപ്പൂർ ആസ്ഥാനമായുള്ള ഇന്റീരിയർ ഡിസൈൻ ആന്റ് റിനവേഷൻ പ്ലാറ്റ്ഫോമായ മാബിളിന്റെ കോ-ഫൗണ്ടറും എക്സിക്യൂട്ടീവ് ചെയർമാനുമാണ് അദ്ദേഹം. തന്ത്രങ്ങൾ രൂപീകരിക്കുന്നതിലും ആഗോളതലത്തിൽ ബിസിനസ് വളർത്തുന്നതിലുമുള്ള മികവും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളും, കമ്പനിയുടെ ഭാവി വളർച്ചാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ടിവിഎസ് മോട്ടോർ കമ്പനി ബോർഡിന് കരുത്തേകുമെന്ന് ടിവിഎസ്എം ചെയർമാൻ സുദർശൻ വേണു പറഞ്ഞു.

# 11,679 കോടി രൂപയുടെ ആസ്തിയുമായി യുടിഐ മിഡ് ക്യാപ് ഫണ്ട്

**കൊച്ചി:** 2026 ഏപ്രിൽ 30ലെ കണക്കനുസരിച്ച് യുടിഐ മിഡ് ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തി 11,679 കോടി രൂപ പിന്നിട്ടു. 2004 ഏപ്രിൽ 7ന് പ്രവർത്തനം ആരംഭിച്ച ഈ ഫണ്ട് മിഡ് ക്യാപ് കമ്പനികളിൽ പ്രധാനമായും നിക്ഷേപം നടത്തുന്ന ഒരു ഓപ്പൺ എൻഡഡ് ഇക്വിറ്റി സ്കീമാണെന്ന് ബന്ധപ്പെട്ട അധികൃതർ വ്യക്തമാക്കി. ഫണ്ടിന്റെ പോർട്ട്ഫോളിയോയിൽ നിലവിൽ 70 ശതമാനം മിഡ് ക്യാപ് കമ്പനികളിലും 21 ശതമാനം സ്മോൾ ക്യാപ് കമ്പനികളിലും ബാക്കി ലാർജ് ക്യാപ് കമ്പനികളിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്. വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന 91 ഓളം സ്റ്റോക്കുകൾ ഈ ഫണ്ടിന്റെ പോർട്ട്ഫോളിയോയിലുണ്ട്. ഫണ്ടിന്റെ മുൻനിര നിക്ഷേപങ്ങളിൽ പിബി ഫിൻടെക് ലിമിറ്റഡ്, പോളികാബ് ഇന്ത്യ ലിമിറ്റഡ്, ട്യൂബ് ഇൻവെസ്റ്റ്മെന്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്, മാക്സ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, സുസ്‌ലോൺ എനർജി ലിമിറ്റഡ്, ഫീനിക്സ് മിൽസ് ലിമിറ്റഡ്, മൾട്ടി കമ്മോഡിറ്റി എക്സ്ചേഞ്ച് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക് ലിമിറ്റഡ്, എപിഎൽ അപ്പോളോ ട്യൂബ്സ് ലിമിറ്റഡ്, അജന്ത ഫാർമ ലിമിറ്റഡ് എന്നിവ ഉൾപ്പെടുന്നു. ഇവ പോർട്ട്ഫോളിയോയുടെ മൊത്തം നിക്ഷേപത്തിന്റെ ഏകദേശം 20 ശതമാനത്തോളം വരും. മികച്ച സാമ്പത്തിക അടിത്തറയുള്ളതും വളർച്ചാ സാധ്യതയുള്ളതുമായ കമ്പനികളെ താഴെത്തട്ടിൽ നിന്ന് വിശകലനം ചെയ്ത് തിരഞ്ഞെടുക്കുന്ന ബോട്ടംഅപ്പ് രീതിയാണ് ഫണ്ട് പിന്തുടരുന്നത്.

# ബാക്ക് ടു സ്കൂൾ ഓഫറുമായി ലുലു

**കൊച്ചി:** ബാക്ക് ടു സ്കൂൾ ഓഫറുമായി ലുലു ഹൈപ്പർമാർക്കറ്റ്. വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങളും സ്കൂൾ ഉത്പ്പന്നങ്ങളുമായി വിൽപ്പന ആരംഭിച്ചു. 50 ശതമാനം വരെ വിലക്കുറവിൽ ലുലു ഹൈപ്പർമാർക്കറ്റിൽ നിന്ന് പഠനോപകരണങ്ങളും സ്കൂൾ ഉത്പ്പന്നങ്ങളും വാങ്ങാം. സ്കൂൾ ബാഗുകൾ, വാട്ടർ ബോട്ടിലുകൾ, സ്കൂൾ യൂണിഫോം, ഷൂസ്, തുടങ്ങിയവ ഓഫർ സെയിലിലൂടെ ലുലുവിൽ നിന്ന് സ്വന്തമാക്കാം. സ്കൂൾ ബാഗുകൾ, ലഞ്ച് ബോക്സുകൾ, വാട്ടർ ബോട്ടിൽ, കുടകൾ എന്നിവ വിലക്കുറവിൽ ലഭ്യമാണ്. പ്രമുഖ ബ്രാൻഡുകളുടെ , നോട്ട്ബുക്കുകൾ എന്നിവ മികച്ച വിലക്കുറവിൽ ലഭ്യമാണെന്ന് ലുലു അധികൃതർ വ്യക്തമാക്കി. പ്രവേശനോത്സവത്തിന് തയ്യാറെടുക്കുന്ന കുരുന്നുകൾക്ക് വർണ കുടകളും, വർണപെൻസിലും വിലക്കുറവിൽ ലഭിക്കും. ലാപ്ടോപ്പുകളും ഡിജിറ്റൽ ഉപകരണങ്ങളും ബാക് ടു സ്കൂൾ സെയിലിലൂടെ മികച്ച വിലക്കുറവിൽ ലുലു കണക്ട് സ്റ്റോറിൽ നിന്ന് വാങ്ങാം.

# എഐഡോ സ്മാർട്ട് ഡോറുകൾ അവതരിപ്പിച്ചു



**കൊച്ചി:** ഡോർമകാബയുടെ അംഗീകൃത ബ്രാൻഡായ എഐഡോ, കോഴിക്കോട് ട്രേഡ് സെന്ററിൽ നടന്ന അലുമിനിയം എക്സ്പോയിൽ പ്രീമിയം 'സ്ലിങ്ക് പ്രൊഫൈൽഡ് ഡോർ സിസ്റ്റം'യും ഡിജിറ്റൽ ഡോർ ലോക്ക് ശ്രേണിയും അവതരിപ്പിച്ചു. ആധുനിക വീടുകൾക്കും വാണിജ്യ ഇടങ്ങൾക്കും അനുയോജ്യമായ സ്ലൈഡിംഗ് ഡോർ സംവിധാനങ്ങളും സ്മാർട്ട് ആക്സസ് സൊല്യൂഷനുകളും പ്രദർശനത്തിലെ പ്രധാന ആകർഷണമായി.

ഫിംഗർപ്രിന്റ്, പിൻ, ആർഎഫ്ഐഡി, ബ്ലൂടൂത്ത് ആക്സസ് സൗകര്യങ്ങളുള്ള ഡിജിറ്റൽ ഡോർ ലോക്കുകളും എക്സ്പോയുടെ ഭാഗമായി അവതരിപ്പിച്ചു.

ആധുനിക ആർക്കിടെക്ചർ ആവശ്യങ്ങൾ മുൻനിർത്തി രൂപകൽപ്പന ചെയ്ത സ്ലിങ്ക് പ്രൊഫൈൽഡ് ഡോർ സിസ്റ്റം, പ്രകടന മികവും സൗന്ദര്യവും പ്രവർത്തനക്ഷമതയും ഒരുമിപ്പിക്കുന്ന സംവിധാനമായാണ് അവതരിപ്പിച്ചത്. സമകാലിക വീടുകൾക്കും വാണിജ്യ ഇടങ്ങൾക്കും അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്ത ഈ സംവിധാനം, കുറഞ്ഞ ശബ്ദത്തോടെയുള്ള സ്മൂത്ത് ഓപ്പറേഷനും മികച്ച സ്പേസ് ഉപയോഗവും ഉറപ്പുനൽകുന്നു. വുഡൻ ഡോർ, ഫ്രെയിംഡ് ഗ്ലാസ് ഡോർ, ഫ്രെയിംലെസ് ഗ്ലാസ് ഡോർ എന്നിവ ഉൾപ്പെടെയുള്ള വിവിധ ഡോർ ആപ്ലിക്കേഷനുകൾക്ക് അനുയോജ്യമായ രീതിയിലാണ് സിസ്റ്റം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

# നേഷൻ ഫസ്റ്റ് ഗോൾഡ് ഫോർ ഇന്ത്യ ഇനിഷ്യേറ്റീവു'മായി കല്യാൺ ജൂവലേഴ്സ്

**കൊച്ചി:** വീടുകളിൽ വെറുതെയിരിക്കുന്ന സ്വർണശേഖരം വിപണിയിൽ സജീവമാക്കുന്നതിനും സ്വർണത്തിന്റെ പണലഭ്യതയിലുള്ള വിശ്വാസ്യത ഉറപ്പാക്കുന്നതിനും ഉത്തരവാദിത്തപൂർണമായ ഉപഭോഗ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതിയായ 'നേഷൻ ഫസ്റ്റ് ഗോൾഡ് ഫോർ ഇന്ത്യ ഇനിഷ്യേറ്റീവ്' കല്യാൺ ജൂവലേഴ്സ് ഇന്ത്യ ലിമിറ്റഡ് പ്രഖ്യാപിച്ചു.

വിദേശനാണ്യ കരുതൽ ശേഖരം സംരക്ഷിക്കുന്നതിനായി മിതത്വം പാലിക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനത്തിനോടുള്ള നേരിട്ടുള്ള പ്രതികരണമാണ് ഈ പദ്ധതി. ഈ സാമ്പത്തിക വർഷത്തിൽ സ്വർണ ഇറക്കുമതിയിൽ 5 ടൺ കുറവ് വരുത്താനാണ് 'നേഷൻ ഫസ്റ്റ്ഗോൾഡ് ഫോർ ഇന്ത്യ ഇനിഷ്യേറ്റീവ്' ലക്ഷ്യമിടുന്നത്. ലോകത്തിലെ ഏറ്റവും വലിയ സ്വകാര്യ സ്വർണ ശേഖരങ്ങളിലൊന്ന് ഇന്ത്യയിലാണുള്ളത്. ഇതിൽ ഭൂരിഭാഗവും ബാങ്ക് ലോക്കറുകളിലും വീടുകളിലെ നിലവറകളിലും പാരമ്പര്യമായി ലഭിച്ച ശേഖരങ്ങളായും പതിറ്റാണ്ടുകളായി ഉപയോഗിക്കാത്ത ആഭരണങ്ങളുമായി വെറുതെ കിടക്കുകയാണ്. ശക്തമായ ആഭ്യന്തര സ്വർണ പുനരുപയോഗ സംവിധാനത്തിന് ജൂവലറി മേഖലയിലെ തൊഴിലവസരങ്ങൾ നിലനിർത്താനും നിയമാനുസൃത സ്വർണ വ്യാപാരവുമായി ബന്ധപ്പെട്ട ജിഎസ്ടി വരുമാനം സംരക്ഷിക്കാനും കഴിയുമെന്ന് കല്യാൺ ജൂവലേഴ്സ് ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. സ്വർണത്തെ നിഷ്ക്രിയ ആസ്തിയായി കാണുന്നതിനു പകരം രാജ്യത്തിനുള്ളിൽ നിരന്തരം സാമ്പത്തിക മൂല്യം ഉത്പാദിപ്പിക്കാൻ ശേഷിയുള്ള പുനരുപയോഗ വിഭവമായി തിരിച്ചറിയുന്ന രീതിയിലേക്ക് ഉപഭോക്താക്കളുടെ മനോഭാവത്തിൽ മാറ്റം വരുത്താൻ ഈ പദ്ധതി വഴിയൊരുക്കും. ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്വർണത്തിന്റെ ഒരു ചെറിയ ഭാഗമെങ്കിലും വിപണിയിൽ തിരികെ എത്തിക്കാൻ സാധിച്ചാൽ സ്വർണ ഇറക്കുമതിയെ ആശ്രയിക്കുന്നത് ഘട്ടംഘട്ടമായി കുറയ്ക്കാൻ രാജ്യത്തിന് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# മോട്ടറോള റേസർ ഫോൾഡ് ഇന്ത്യൻ വിപണിയിൽ




**തിരുവനന്തപുരം:** മോട്ടറോള ഇന്ത്യയിൽ തങ്ങളുടെ ആദ്യ ഫോൾഡബിൾ സ്മാർട്ട്ഫോണായ 'മോട്ടറോള റേസർ ഫോൾഡ്' അവതരിപ്പിച്ചു. ഡിഎക്സ്ഒമാർക്ക് ഗോൾഡ് ലേബൽ അംഗീകാരം നേടിയ ലോകോത്തര ക്യാമറ സംവിധാനമാണ് ഫോണിന്റെ പ്രധാന സവിശേഷതയെന്ന് കമ്പനി അവകാശപ്പെട്ടു. 50എംപി സോണി ലിറ്റിയ ട്രിപ്പിൾ ക്യാമറ സംവിധാനത്തോട് കൂടിയ ഈ ഫോൺ 8കെ ഡോൾബി വിഷൻ വീഡിയോ റെക്കോർഡിംഗിനെയും പിന്തുണയ്ക്കുന്നുണ്ട്. 6.6 ഇഞ്ച് അമോലെഡ് ഡിസ്പ്ലേ 8.1 ഇഞ്ച് 2കെ അമോലെഡ് പ്രധാന സ്ക്രീനായി മാറുന്ന ഈ ഫോൺ 165എച്ച്ഇസഡ് എൽപിടിഒ റിഫ്രെഷ് നിരക്കും 6200 നിറ്റ്സ് വരെയുള്ള ബ്രൈറ്റ്നസും വാഗ്ദാനം ചെയ്യുന്നു. സ്നാപ്ഡ്രാഗൺ 8 ജെൻ 5 പ്രോസസറും ആൻഡ്രോയ്ഡ് 16 അധിഷ്ഠിത ഹലോ യുഐയും ഉൾപ്പെടുത്തിയിരിക്കുന്ന റേസർ ഫോൾഡ് മോട്ടോ എഐ 2.0 ഫീച്ചറുകളിലൂടെ കൂടുതൽ സ്മാർട്ട് എഐ അനുഭവം നൽകുന്നു. 6000എംഎഎച്ച് സിലിക്കൺ കാർബൺ ബാറ്ററിയുള്ള ഫോൺ ഒറ്റത്തവണ ചാർജിൽ 43 മണിക്കൂറിലധികം പ്രവർത്തിക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു. 80വാട്സ് ടർബോ പവർ ഫാസ്റ്റ് ചാർജിംഗ്, 50വാട്സ് വയർലെസ് ചാർജിംഗ്, 5വാട്സ് റിവേഴ്സ് ചാർജിംഗ് എന്നിവയേയും ഇത് പിന്തുണയ്ക്കുന്നു. 12 ജിബി+ 256ജിബി, 16ജിബി+512ജിബി സ്റ്റോറേജ് വേരിയന്റുകളിലായി ലഭ്യമാകുന്ന റേസർ ഫോൾഡിന് ഇന്ത്യയിൽ 1,39,999 മുതലാണ് വില. ഇതോടൊപ്പം സൗ് ബൈ ബോസ് സാങ്കേതികവിദ്യയുള്ള മോട്ടോ ബഡ്സ് 2 പ്ലസ് വയർലെസ് ഇയർബഡ്സും കമ്പനി അവതരിപ്പിച്ചു. 11എംഎം ഡൈനാമിക് ഡ്രൈവറുകൾ, ഡയനാമിക് എഎൻസി ബ്ലൂടൂത്ത് 6.0, 40 മണിക്കൂർ പ്ലേബാക്ക് സമയം എന്നിവയാണ് പ്രധാന സവിശേഷതകൾ. മോട്ടോ ബഡ്സ് 2 പ്ലസ് 4,999 എന്ന പ്രാരംഭ വിലയിൽ ഫ്ളിപ്പ്കാർട്ട്, മോട്ടറോള വെബ്സൈറ്റുകളിലും റീട്ടെയിൽ സ്റ്റോറുകളിലും ലഭ്യമാകും.

# കാൻ ചലച്ചിത്രമേളയിൽ കല്യാൺ ജൂവലേഴ്സ്

**കൊച്ചി:** കാൻ ചലച്ചിത്രമേളയിൽ മൂന്നാം വട്ടവും സാന്നിധ്യമറിയിച്ച് കല്യാൺ ജൂവലേഴ്സ്.

ചെറിയ ഇടവേളയ്ക്ക് ശേഷമാണ് ഹൈജ്വല്ലറി കലാവൈഭവത്തിന്റെ അതിമനോഹരമായ ഒരു സൃഷ്ടിയുമായി കല്യാൺ ജൂവലേഴ്സ് കാനിലേക്ക് തിരിച്ചെത്തുന്നത്. ബ്രാൻഡ് അംബാസഡറായ കല്യാണി പ്രിയദർശന്റെ കാനിലെ കന്നി റെഡ് കാർപെറ്റ് സാന്നിധ്യത്തിനായി, വസ്ത്രത്തിന്റെ ഘടനയോട് തികച്ചും അലിഞ്ഞുചേരുന്ന തരത്തിൽ പ്രത്യേകം രൂപകൽപ്പന ചെയ്ത ആഭരണമാണ് ബ്രാൻഡ് ഇത്തവണ അനാവരണം ചെയ്തത്.

